(ബി) ഇവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളിലും സംഘടനകളിലും പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(സി) മാറാട് സംഭവങ്ങളുടെ നഷ്ടപരിഹാരത്തിന് വിനിയോഗിച്ച തുക സർക്കാർ ഏത് ഹെഡ്ഡിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003 മേയ് രണ്ടിന് കോഴിക്കോട് മാറാട് കടപ്പുറത്തുണ്ടായ അനിഷ്ട സംഭവത്തിൽ കൊല്ലപ്പെട്ട ഒമ്പതുപേരുടെ ആശ്രിതർക്ക് പത്തുലക്ഷം രൂപ വീതം നഷ്ട പരിഹാരം നൽകി. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന എട്ടു പേർക്ക് അഞ്ചുലക്ഷം രൂപ വീതവും പരിക്കേറ്റ മറ്റ് ഒമ്പതുപേർക്ക് മൂന്നുലക്ഷം രൂപ വീതവും നഷ്ടപരിഹാരം നൽകി. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു.)†

(ബി) പൂർണ്ണ വിവരം ലഭ്യമല്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് ഇതിനുള്ള തുക വിനിയോഗിച്ചത്.

പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം

37 [752] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം എത്ര ശതമാനമാണ്;

(ബി) പോലീസ് സേനയുടെ ആകെ അംഗസംഖ്യയുടെ പത്ത് ശതമാനം പ്രാതിനിധ്യം വനിതകൾക്ക് നൽകുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇനി എത്ര പേർക്ക് നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം ജില്ലാ പുരുഷ പോലീസ് കോൺസ്റ്റബിൾമാരുടെ പത്ത് ശതമാനമായി ഉയർന്നിട്ടുണ്ട്.

(ബി, സി) സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ എണ്ണം രണ്ട് ശതമാനത്തിൽനിന്ന് പത്ത് ശതമാനമാക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. ഇപ്രകാരം ഘട്ടംഘട്ടമായി 1873 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിച്ചു; ഇപ്പോൾ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ എണ്ണം ജില്ലാ പുരുഷ പോലീസ് കോൺസ്റ്റബിൾമാരുടെ പത്ത് ശതമാനമായി ഉയർന്നിട്ടുണ്ട്.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly